


# ജ്വാല

# ജ്വാല

# ജ്വാല.........

അക്ഷരം അഗ്നിയാണ്...ആ അഗ്നി ജ്വാല ചുറ്റുപാടുകളെ പ്രകാശ പൂരിതമാക്കുന്നു. തിന്മയാകുന്ന അന്ധകാരത്തിന്റെ മറ നീക്കി നന്മയെ പ്രകാശിപ്പിക്കുന്നു.. ഒരിക്കലും നശിക്കാത്ത ആ അഗ്നിസ്ഫുലിംഗങ്ങൾ നാളെയെയും ശോഭനമാക്കും ..... ഇവിടെ കുട്ടികൾ കൊളുത്തിയ ഈ മൺചെരാതിന്റെ "ജ്വാല" നിങ്ങൾക്കു മുമ്പിൽ സവിനയം സമർപ്പിക്കുന്നു.

ഇരിങ്ങണ്ണൂർ ഹയർസെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ്  അംഗങ്ങൾ തയ്യാറാക്കിയ "ജ്വാല" എന്ന മാഗസിൻ ചുരുങ്ങിയ സമയത്തിനുള്ളിൽ ഏറെ മികവുറ്റതാക്കാൻ അവർക്ക് സാധിച്ചിട്ടുണ്ട്. ഏറെ പുതുമയും ആകർഷകവും വിജ്ഞാനപ്രദവുമായ ഈ സംരഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

ഷംസുദീൻ.ഇ

എസ്.ഐ.ടി.സി

ഇരിങ്ങണ്ണൂർ ഹയർ സെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർഥികൾ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നതിൽ അഭിമാനമുണ്ട്. വിദ്യാർഥികളുടെ സർഗശേഷികളെ കണ്ടെത്തുവാനും പ്രോൽസാഹിപ്പിക്കാനും ഇതിലൂടെ നമുക്ക് കഴിയും. ഇനിയും ഇതുപ്പോലെയുള്ള മാഗസിനുകൾ പ്രസിദ്ധീകരിക്കുവാൻ കഴിയണം .എല്ലാവിധ ആശംസകളും

സ്നേഹത്തോടെ,

രാജ കുമാർ.പി

പ്രിൻസിപ്പാൾ

ഇരിങ്ങണ്ണൂർ ഹയർ സെക്കണ്ടറി സ്കൂൾ

ഇരിങ്ങണ്ണൂർ ഹയർ സെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബിലെ കുട്ടികൾ തയ്യാറാക്കിയ ജ്വാല എന്ന മാഗസിൻ ഈ സ്കൂളിന്റെ ഡിജിറ്റൽ മാഗസിൻ ചരിത്രത്തിലെ ആദ്യ സംരംഭം ആണ്. ചുരുങ്ങിയ സമയം കൊണ്ട് മാഗസിൻ  നിർമാണ രംഗത്തേക്ക് കാലെടുത്തു വെച്ച ഈ പിഞ്ചു  കുഞ്ഞുങ്ങൾക്ക് എല്ലാ വിധ ഭാവുകങ്ങളും നേരുന്നു.

സ്നേഹത്തോടെ,
സിന്ധു.കെ.എൻ
ഹെഡ്മിസ്ട്രസ്
ഇരിങ്ങണ്ണൂർ ഹയർ സെക്കണ്ടറി സ്കൂൾ

ഇരിങ്ങണ്ണൂർ ഹയർസെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് അംഗങ്ങൾ തയ്യാറാക്കിയ "ജ്വാല" എന്ന മാഗസിൻ ചുരുങ്ങിയ സമയത്തിനുള്ളിൽ ഏറെ മികവുറ്റതാക്കാൻ അവർക്ക് സാധിച്ചിട്ടുണ്ട്. ഏറെ പുതുമയും ആകർഷകവും വിജ്ഞാനപ്രദവുമായ ഈ സംരഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

ബീന ടീച്ചർ
ഇരിങ്ങണ്ണൂർ ഹയർ സെക്കണ്ടറി സ്കൂൾ






# ലിറ്റിൽ കൈറ്റ്സ് ഏകദിന ശിൽപശാല

# എന്റെ ഉള്ളിൽ പൂത്ത സൂര്യകാന്തികൾ



കത്തിജ്വലിക്കുന്ന
അഗ്നിഗോളമിന്നെന്നെ
മാത്രം നോക്കുവതെന്തേ?
ഞാൻ വിയർക്കുന്നു
നീ ദൃഷ്ടി മാറ്റൂ
എന്നിലാവശേഷിക്കുന്ന
ഒരിറ്റു ജലവുമവനാ-
വാഹിക്കുമ്പോഴും
ഒരു നിശബ്ദസുഖം ഞാനനുഭവിച്ചു.

എന്നോ ഒരിക്കലാകാപാലികർ
എന്റെ സ്ത്രീത്വം ബലമായി  വാങ്ങിയപ്പോൾ
എന്നുള്ളിലന്നുള്ള നീരുറവയവർ
വറ്റിച്ചപ്പോൾ ഞാൻ കരഞ്ഞിരുന്നു
എൻ നൊമ്പരത്തിൽ എല്ലാം
തരിച്ചു നിന്നെങ്കിലും
എല്ലാം നിർജീവമായിരുന്നു.
പ്രതികരെമ ശേഷിയില്ലാത്ത
കത്തിക്കരിഞ്ഞ വെറും മൃതശരീരങ്ങൾ

എങ്കിലും കൂടെ കരയാൻ
മഴ വന്നിരുന്നു
കുടയില്ല മഴകൊണ്ടു

നനവാർന്ന മനമന്നെടുത്ത
തീരുമാനത്തിലുറച്ചിരുന്ന ഞാൻ
അറുത്തു മാറ്റിയാ കൈകൾ
കൈയ്യിലെടുത്താ തലകൾ
എൻ മുഖം ഒരു ട്ടവാലയാൽ
മൂടിയല്ല ഞാൻ പുറത്തിറങ്ങിയത്
ആളുകൾതൻ കല്ലേറ്
കൊള്ളാതിരിക്കാനൊരു
ജീവൻ രക്ഷാവസ്ത്രമുണ്ടായില്ല
എൻ സ്ത്രീ മനമിരുട്ടിൽ നിന്ന്
പുറത്തുവന്നപ്പോൾ
ഞാനറുത്തിട്ട കൈകൾ,തലകൾ
കണ്ട് ഞാൻ നിർവൃതിയടഞ്ഞപ്പോൾ
മഴതന്ന വിത്ത് വെയിൽ കൊണ്ട്
മുളച്ചുയരുകയായിരുന്നു.
വിത്തിന്റെ ലിംഗമെനിക്കറിയേണ്ട,യെങ്കലും
കാത്തിരുന്ന ഞാനാവെയിലേറ്റ്
ഞാനറിഞ്ഞത് വിടരുകയായി
ഞാനെന്നുള്ളിൽ തലയിട്ട്  നോക്കി
സൂര്യനെനോക്കി  നിൽപുണ്ടൊരു
സൂര്യകാന്തിപ്പൂ...
പിന്നീടതിനെതലോടാൻ
കണക്കെ വന്ന ഹിമധൂളികൾ
അവളുടെ,യിതളറുത്തു
പോവാതെ ഞാൻ പരിചരിച്ചു

ഇന്നുമാ സൂര്യകാന്തിപൂവെന്നുള്ളിൽ
എന്റെ ചൂടും തണുപ്പുമേറ്റ്
വാടാതെ,യിതൾ കൊഴിയാതെ
അത് ജീവിക്കുന്നിതാ...
നശിപ്പിക്കപ്പെട്ട ഒരു പെണ്ണിന്റെ
ജീവിക്കുന്ന സ്മരണയായ്..

ഹർഷ.എച്ച്
ഇരിങ്ങണ്ണൂർ.എച്ച്.എസ്.എസ്


ഇരിങ്ങണ്ണൂർ ഹയർസെക്കണ്ടറി സ്കൂൾ.
ശ്രദ്ധ
2018
ഡിസം: 8 ശനി,
9 ഞായർ
8ാം ക്ലാസുകാർക്കുള്ള ദ്വിദിനപഠനക്യാമ്പ്







# യോഗ പരിശീലനം

# കാറ്റ് പറഞ്ഞത്



ഒരു പ്രവാചകനെപ്പോലെ കാറ്റ്
അലഞ്ഞുനടന്നു
മിന്നാമിന്നികൾ കാറ്റിന്റെ
കണ്ണീരായിരുന്നുവോ....?
കാറ്റ് കരിയിലകളിൽ തട്ടി മെല്ലെ
മർമ്മരമുതിർത്തു
'യത്ര നാര്യസ്തു പൂജ്യതേ
രമതേ തത്ര ദേവതാ...'
അകലെയെവിടെയോ ഒരു മുരളീരവം
രമണന്റെ ഇടയഗാതം പോലെ
തീവണ്ടി ബോഗിക്കുള്ളിൽ നിന്ന്
ഒറ്റക്കയ്യന്റെ ആക്രോശവും
നിലയില്ലാ കയത്തിലേക്ക് പതിച്ച
പേടമാനിന്റെ ദീനരോദനവും
കാറ്റ് പാഞ്ഞെത്തി മെല്ലെ മൊഴിഞ്ഞു
'നഃസ്ത്രീ സ്വാതന്ത്ര്യമർഹതി'
കണ്ണടച്ചു കെട്ടിയ നീതിപീഠത്തിനു മുന്നിൽ
ചോര വാർതൊഴുകിയ കറുത
വകീൽ ഗൗൺ
തട്ടത്തിൻ മായത്തിലൂടെ
ദീനമായി ഒളിഞ്ഞു നോക്കുന്നഹാദിയ
'കണ്ണേ മടങ്ങുക'
ഭൂതകാലത്തിൽ നിന്നെത്തിയ കാറ്റ്
ധൃതിയിൽ പാഞ്ഞു

തെരുവോരത്ത് ഉയർന്നു നിന്നിരുന്ന
ഗാന്ധിപ്രതിമ
കാറ്റിൽ ഉലഞ്ഞാടി നിലംപതിച്ചു
പിനിലായ് ഗോഡ്സെപുഞ്ചിരി
ച്ചുകിനിൽക്കുന്നു

ബി.സുമംഗല ടീച്ചർ
ഇരിങ്ങണ്ണൂർ എച്ച്,എസ്.എസ്





# അച്ഛാ......



നല്ല മഴയുണ്ടല്ലോ നമുക്ക് കിടക്കാം അയാൾ ഭാര്യയോട് പറഞ്ഞു. മണ്ണെണ്ണ വിളക്കിൻെ വെട്ടത്തിലിരുന്നവർ ഭക്ഷണം കഴിച്ചു. അവൾ നിറവയറുമായി മന്ദം നടന്നു വന്ന് കട്ടിലിൽ കയറി കിടന്നു. അയാൾ കിടക്കാൻ തുടങ്ങിയപ്പോഴായിരുന്നു ഒരുപാട് ചീന്തലുകൾ വീണതും പിരിഞ്ഞു പോവാണ്ടിരിക്കാൻ റബ്ബർബാൻ ബന്ധിച്ചതുമായ ആ സ്വിച്ച് ചിലച്ചത്. അയാൾ ഫോണെടുത്ത് ചെവിയോടടുപ്പിച്ചു " പ്രഭാകരോ ഇത് ഞാനാ നാട്ടില് വെള്ളം കയറുവാ കുഞ്ഞ് വീടൊക്കെ മുങ്ങാൻ തുടങ്ങി"

അതയോ ഞാനെന്നാ ചെയ്യാനാണെടാ.... നീയാ വള്ളോം കൊണ്ടൊന്നിക്കരെയ്ക്ക് വന്നേ തുഴയാൻ നമ്മുക്ക് തന്ന കൈകൾ രണ്ടുപേർക്ക് താങ്ങാവട്ടേ.....

ശരി നീ വെച്ചോ ഞാൻ വരാം മണ്ണെണ്ണ വിളക്കിൻെ വെട്ടത്തിലയാൾ നിശബ്ദമായി ഉറങ്ങിക്കിടന്ന പൂർണ ഗർഭിണിയായ ഭാര്യയെ കണ്ടു. വിളിക്കണ്ട ഉറങ്ങട്ടെ പാവം ഈ പാതിരാത്രി വരേ എന്നെയും കാത്തിരുന്നതല്ലേ. ഭാര്യയെ സ്നേഹത്തോടെ ഒന്നു നോക്കി അയാൾ നടന്നു. കുറച്ചു വെള്ളം അവിടെയും കയറിയിരുന്നു. പുഴക്കരയിൽ കെട്ടി വെച്ച തോണിയുമെടുത്ത് അയാൾ വേഗം അക്കരയ്ക്കു തുഴഞ്ഞു.രാജനവിടെ കാത്തുനിൽപ്പുണ്ടായിരുന്നു. അവർ തോണിയും കൊണ്ട് ഇറങ്ങി. വെള്ളം നല്ലവണ്ണം കയറിയിരുന്നു.

തോണി തുഴയാനുള്ള ത്രയും വെള്ളം. തകൃതിയായി പെയ്യുന്ന മഴ സമ്മാനിച്ച തണുപ്പിനെയെല്ലാം മറികടന്ന് മുങ്ങികൊണ്ടിരുന്ന ഓരോ വീടുകളിൽ നിന്നുമവർ ആളുകളെ തോണിയിൽ കയറ്റി. അതിനിടയിലാണ് ഒരു കൊച്ച് കുഞ്ഞിൻെ കരച്ചിൽ അയാൾ കേട്ടത്. അയാൾ വെള്ളത്തിലിറങ്ങി ശബ്ദം കേട്ട ഭാഗത്ത് പോയി ആ വീട്ടിനുള്ളിൽ നനഞ്ഞുകുതിർന്ന മൺചുവരുകൾക്കും, പൊട്ടിപൊലിഞ്ഞ മേൽക്കൂരകൾക്കുമിടയിലൂടെ വെള്ളത്തിൽ ചവിട്ടി അയാൾ ഓടി. വെള്ളം കയറി ഒലിച്ചിറങ്ങുന്ന ഒരു മൂലയിൽ ഇരുന്ന് പൊട്ടിക്കരയുന്ന ആ കുട്ടിയെ അയാൾ വാരിയെടുത്തു. കരച്ചിൽ നിർത്താതെ അമ്മേ എന്ന് വിളിച്ച് കുട്ടി ചൂണ്ടിയ ദിശയിലേക്ക് നോക്കിയ അയാൾ ഞെട്ടി. ഗർഭിണിയായ ഒരു സ്ത്രീയുടെ ശവശരീരം വീടിൻെ തകർന്ന മേൽക്കൂരയിൽ നിന്ന് പൊട്ടിവീണ തടികഷ്ണങ്ങൾ പാതിമറച്ച ആ ശവശരീരത്തെ അവഗണിച്ചു. ഞെട്ടലോടെയും വെള്ളത്തിലൂടെ അയാൾ ആ വിറച്ച കാലടികളോരോന്നും വെച്ചു. അച്ഛാ എന്ന പിൻ വിളിയായിരുന്നു കാത് മുഴുവനും പുറംലോകം കാണാതെ ഒരു കുട്ടി മരണപ്പെട്ടു. ഉറങ്ങിക്കിടക്കുന്ന തൻെ ഭാര്യയെ അയാൾ തെല്ലിടെ ഓർമിച്ചു. ആ നിറവയറിൽ നിന്നും വന്ന അച്ഛാ എന്ന വിളി അയാൾ ആ കുട്ടിയെ വഞ്ചിയിലാക്കി തിരിഞ്ഞു നടന്നു പൊട്ടികിടന്ന മരകഷ്ണങ്ങൾ ഓരോന്നു എടുത്തുമാറ്റിയപ്പോൾ അയാൾ ഞെട്ടി പെട്ടന്നവളിൽ നിന്നൊരു നിശ്വാസം അയാൾ തെല്ലിട ആലോചിച്ചു നിൽക്കാതെ അവളെ താങ്ങി എടുത്ത് ഹോസ്പിറ്റലിലാക്കി തോരാതെ പെയ്യുന്ന മഴയിൽ മുങ്ങിയ നിലവിളി കേട്ടവൻ വീണ്ടും ഓരോ വീടും

കയറിയിറങ്ങി.പുലർച്ചയോടടുത്തപ്പോൾ അയാൾ  രാജനെ വഞ്ചിയേൽപ്പിച്ച് വീട്ടിലേക്കടുത്തു

ഇപ്പോഴും തൻെ കൈകൾ കൊണ്ട് രക്ഷപ്പെട്ട രണ്ട് ജീവനുകൾ, അതിലെ കുഞ്ഞ് ജീവൻ; അയാൾ പലതും ആലോചിച്ചു നടന്നു. തൻെ കൈകൾ കൊണ്ട്  രക്ഷപ്പെട്ട ഓരോ ജീവനുകൾ....


അയാൾ വീടിനുമുമ്പിലെത്തി. അകത്തേക്കു കടന്നു. ആ കൊച്ചുകൂര കാറ്റാൽ തകർന്നുവീണ ഒരു വശം കണ്ടയാൾ ഞെട്ടി. താൻ കണ്ട ഏതോ ദൃശ്യം ഓർത്തിട്ടെന്ന പോലെ അയാൾ അകത്തേക്കോടി.

ലക്ഷ്മീ....... അയാൾ നീട്ടിവിളിച്ചു. തകർന്നു വീണ കല്ലുകൾക്കും,തടികഷ്ണങ്ങൾക്കും ഇടയിൽ അനങ്ങാനാകാതെ കിടന്ന അവൾ മെല്ലെ മറുവിളി നൽകി. അയാൾ എല്ലാംവകഞ്ഞുമാറ്റി അവളെ താങ്ങിയെടുത്തു. മയങ്ങികിടന്നപ്പോൾ ആ ഉറപ്പില്ലാത്ത കൊച്ചുവീട്ടിലെ കല്ല് സമ്മാനിച്ച മുറിവിൽ നിന്ന് കുത്തിയൊലിച്ച രക്തം നിറഞ്ഞ അവളെ കണ്ടയാൾ അമ്പരന്നു. അവൾ പണിപ്പെട്ട് ശ്വാസമെടുത്തു. അവളുടെ നിറവയർ മെല്ലെ തഴുകി അയാൾ പൊട്ടികരഞ്ഞു.കാതങ്ങൾക്കപ്പുറമുള്ള ആശുപത്രിയിലേക്കയാൾ അവളെയെടുത്തോടാൻ തുടങ്ങുമ്പോൾ തന്നെ അവൾ പറഞ്ഞു.

പോണ്ട പ്രഭാകരേട്ടാ, ഞാനിപ്പോപോവും, നമ്മുടെ കുഞ്ഞ്.....അവളുടെ വാക്കുകൾ മുറിഞ്ഞു. അയാൾ തരിച്ചു നിന്നതേ ഉള്ളൂ....

പെട്ടെന്നാ ഫോൺ ചിലച്ചു.
പ്രഭാകരോ, ഡാം തുറന്നു പിന്നേം വെള്ളം കയറി  നീയൊന്നു വന്നേ ആ വരാം അയാൾ മറുപടി പറഞ്ഞു.അറിയാതെ അയാളാഫോൺ കൈവിട്ടുപോയി. ആ തൊപ്പിയെടുത്ത് തലയിൽ വെച്ചു. വേച്ച കാലടികൾ മുന്നോട്ടുവെച്ചയാൾ നടക്കവേ അയാൾ കേട്ടു ലക്ഷീടെ വയറ്റന്നൊരു വിളി...
അച്ഛാ..... അച്ഛാ.... എന്നേം കൂടി രക്ഷിക്കച്ഛാ ശ്വാസം മുട്ടുന്നു......




പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം


CLASS


കഥകൾ
തകഴി

# കാരുണ്യത്തിൻെ വലയെറിഞ്ഞവർക്ക് കൈത്താങ്ങ്



ഒരു സമാധനവുമില്ല. 30 വർഷത്തിനെതിരെ ഉണ്ടായിട്ടില്ല ഇങ്ങനെ ഒരു മഴ. കുടില് കടലിനരികിലായതുകൊണ്ട് ഇപ്പോൾ താമസിക്കുന്ന ഈ വലിയ വീട്ടിലേക്ക് വലിയ ഉദ്യോഗസ്ഥരെക്കെ പറഞ്ഞിട്ടാണ് ഞങ്ങള് താമസം മാറ്റിയത്. കുടിലൊക്കെ മുങ്ങിയെന്നാ അവർ പറയുന്നത്. കടലമ്മയെ പിരിഞ്ഞിരിക്കാൻ തുടങ്ങിയിട്ട് ദിവസം ആറാവുന്നു.കടലമ്മ കോപിക്കാനു മാത്രം എന്താണാവോ ഈ പാവം മുക്കുവൻ ഹമീദ് ചെയ്തത്? ഹമീദ് തൻെ ആധികൾ ആരോടെന്നില്ലാതെ പറയുകയായിരുന്നു. കടലമ്മ കോപിച്ചതല്ലടാ......ഈ അറാംപെറന്ന മഴ കൊണ്ടല്ലേ. നിക്കാത്തൊരു മഴയും കൂട്ടത്തിൽ മുതിർന്നതും എന്നാൽ വിദ്യാഭ്യാസം കുറഞ്ഞതുമായ ഉപ്പൂപ്പ പറഞ്ഞു. ഹമീദിനെ വാക്കുകൾ കൊണ്ടെതിർത്തില്ല എന്നിരുന്നാലും അയാൾ അതിനോട് യോജിക്കുന്നുണ്ടായിരുന്നില്ല. പ്രകൃതിയോട് വർഷങ്ങളായി ചെയ്തുകൊണ്ടിരിക്കുന്ന ക്രൂരതകൾക്ക് എതിരായി പ്രകൃതിയുടെ ഒരു ചെറിയ ഓർമപ്പെടുത്തലാണ് ഇത് എന്ന് ഹമീദിനറിയാമായിരുന്നു. ഹമീദ് ഇപ്പോൾ സുരക്ഷിതനാണ്. അവനെയും അവൻെ നാട്ടുകാരെയും താമസിപ്പിച്ചിരിക്കുന്നയിടത്ത് വെള്ളം കയറുന്ന പ്രശ്നമില്ല. അവൻെ പേടി മറ്റൊന്നായിരുന്നു. കേരളം മുഴവൻ മുങ്ങിക്കൊണ്ടിരിക്കുകയാണ്. ഈ മഹാപ്രളയത്തിൻെ പിടിയിൽ

പെട്ട് രക്ഷപ്പെടാനാവാതെ എത്രപേർ ഉണ്ടാവും?തൻെ ഈ ആധികൾ സുലൈമാനിക്കയോടാണ്ഹമീദ് പറഞ്ഞത് .അദ്ദേഹത്തിനേ ഇത്തരം കാര്യങ്ങൾക്ക് കാര്യങ്ങൾക്ക് പരിഹാരം കാണാൻ പറ്റുകയുള്ളൂ. ഹമീദ് സുലൈമാനിക്കയുടെ മുഖത്തേക്കു നോക്കി. സുലൈമാനിക്കയുടെ കണ്ണിൽ നോക്കി പുഞ്ചിരിച്ചു. അതൊരു ആശ്വാസമാകു പോലെ ഹമീദിനനുഭവപ്പെട്ടു. ഹമീദ് അങ്ങനെയാണ് മറ്റുള്ളവർ ദുഃഖിക്കുന്നത് അവന് സഹിക്കാനേ സാധിക്കില്ല. ഹമീദിൻെ ആ സ്വഭാവമാകട്ടെ സുലൈമാനിക്കയ്ക്കേ നന്നായി അറിയൂ. നിരക്ഷരരായ മുക്കുവ സമൂഹത്തിലെ മധ്യവയസ്കൻമാർക്കാകട്ടെ ഹമീദ്  തൻെ മനോഭാവം ഒരു തലവേദനയായിരുന്നു. ഹമീദിൻെ അത്തരം കാഴ്ചപ്പാടുകൾ ഉൾക്കൊള്ളാൻ എല്ലാവർക്കും കഴിഞ്ഞിരുന്നില്ല.ഹമീദ് സുലൈമാനിക്കയുടെ അടുത്തേക്കുപോയി. നമ്മളെന്തുചെയ്യും ഇക്കാ?... നമമ്മളെകൊണ്ടിപ്പോ എന്താ ചെയ്യാനൊക്കുക? സുലൈമാൻ ചിരിച്ചു. അദ്ദേഹത്തിൻെ മറുപടിഃ- അതെന്നെ നമ്മളാരാ കേവലം മുക്കുവൻമാർ. പക്ഷെ നമ്മൾ ഉപജീവനം കഴിക്കുന്നത് കടലിനോട് മല്ലിട്ടാണ് . ഹമീദെ നമ്മടെ ആയുധം നമ്മടെ വഞ്ചി. വജ്രായുധം . ഇവിടെ നമുക്കു പ്രയോഗിക്കാൻ ആ ഒരു ഒറ്റ ആയുധമേയുള്ളൂ. മനസ്സിലാകുന്നുണ്ടോ?
ഹമീദ് ചിരിച്ചു. അവൻെ ഉള്ളിലും ആദ്യം തോന്നിയ ആശയം അതായിരുന്നു. മഹാപ്രളയത്തിൽ മുങ്ങിതാഴുന്നവർക്ക് ഒരു

കൈത്താങ്ങാവാൻ പാവപ്പെട്ട മുക്കുവൻമാർ ഒരുങ്ങി പുറപ്പെടുന്നു. അവരുടെ വഞ്ചിയുമായി അവർ ഇറങ്ങി.

അവരോടൊപ്പം,സുധാകരൻ ദേവൻ, അൻസാർ തുടങ്ങിയ മുക്കുവൻമാരുമുണ്ടായിരുന്നു. വഞ്ചി തുഴഞ്ഞ് അവർ അവർക്കാവുന്നത്രയും ദൂരം തുഴഞ്ഞു. കഴുത്തറ്റം മുങ്ങിനിൽക്കുന്നവരെയും നടക്കാനാവാത്ത അപ്പൂപ്പന്മാരെയും അമ്മൂമ്മമാരെയും നായ പൂച്ച തുടങ്ങി ജീവനായി കൊതിയുള്ള എല്ലാവരെയും രക്ഷപ്പെടുത്തി, കേരളത്തിൻെ ഉയിരുള്ള നായകന്മാരായി മുക്കുവൻമാർ മാറി. വാട്ട്സ് ആപ്പ് സ്റ്റാറ്റസും ഫെയ്സ്ബുക്കിലെ തരംഗവും ഒക്കെ അവരായിമാറി. ഇന്ന് നാലാം ദിവസമായിരുന്നു. വഞ്ചിയുമായി 200 ൽ അധികം പേരെ സുരക്ഷിതമായ സ്ഥാനത്തെത്തിച്ച കഴിഞ്ഞു. കേരളം മുഴുവൻ രക്ഷാപ്രവർത്തനത്തിലായിരുന്നു. എല്ലാവരെയും രക്ഷിക്കണം കേരളത്തിന് ഒരു കൈത്താങ്ങാകണം. എല്ലാവരെയും വഞ്ചിയിലേക്ക് കൈപിടിച്ച കയറ്റുകയായിരുന്നു സുലൈമാനിക്ക.തുഴ ഹമീദിൻെ കൈയ്യിലായിരുന്നു.പെട്ടെന്നാണ് എല്ലാവരുടെയും കാതടപ്പിക്കുന്ന തരത്തിൽ ആ അമ്മയുടെ അലമുറകൾ ഉയർന്നത്. തിരക്കിനിടയിൽ അവരുടെ കുഞ്ഞിനെ ഒന്നരവയസു പ്രയമുള്ള കുഞ്ഞിനെ നഷ്ടപ്പെട്ടു.അതും കഴുത്തറ്റമുള്ള വെള്ളത്തിൽ. ഹമീദ് തുഴ അൻസാറിനു നൽകി. വെള്ളത്തിലേക്ക് എടുത്തുചാടി. കുഞ്ഞിനെ വെള്ളത്തിനടിയിൽ നിന്നും കണ്ടുപിടിക്കണം. വെള്ളത്തിലേക്ക് ഊർന്ന് ഊർന്ന് പോയപ്പോൾ കുഞ്ഞിനെ

കണ്ടെത്താൻ അവനു സാധിച്ചു കരയിലെത്തിയപ്പോഴാണ് അവന് മനസ്സിലായത് തന്നെ ഒരു പാമ്പ് കടിച്ചിരിക്കുന്നു. എന്തുചെയ്യണം? ൻെ മുമ്പിൽ ഇനിയും ഒരു കൈസഹായത്തിനായി കേണുകൊണ്ട് 100 ഓളം പേർ. അറിയില്ല ഹമീദ് അവരെ വഞ്ചിയിൽ കയറ്റി കുറച്ചുകഴിഞ്ഞപ്പോൾ അവൻെ ബോധം നഷ്ടപ്പെട്ടു . എന്തുചെയ്യും ആശുപത്രി, ബഹളം....കരച്ചിൽ.....എല്ലാം അവസാനിച്ചു. അവൻ നമ്മലെയെല്ലാംവിട്ട്പോയി. ചുവന്ന ഫ്ലക്സിലെ സ്വർണനിറമുള്ള ഫ്രെയ്മിനുസള്ളിലെ ചിരിച്ചുനിൽക്കുന്ന ഹമീദിൻെ ഫോട്ടോ നോക്കി അൻസാർ പറഞ്ഞുനിർത്തി. അവൻെ ഫോട്ടോയ്ക്കു താഴെ എഴുതിയിരുന്ന ആദരാഞ്ജ്ജലികൾ.........

അനുപമ.വി.എം 10F


ഇരിങ്ങണ്ണൂർ ഹയർ സെക്കന്ററി സ്കൂൾ
സംസ്ഥാന ഗണിത ശാസ്ത്ര ക്വിസിൽ
ഒന്നാം സ്ഥാനം നേടിയ
വിനായക്. എം
സ്കൂൾ കലോത്സവത്തിൽ
അഷ്ടപദിയിൽ
സംസ്ഥാന വിജയി
അമയ ഷാജ്


ഇരിങ്ങണ്ണൂർ ഹയർ സെക്കന്ററി സ്കൂൾ
വിനായക്. എം
അമയ ഷാജ്

# കണ്ണുനീർ



പ്രകൃതി തൻ അമ്മയുടെ  ഘോര-
താണ്ഡവത്തിനിരകൾ നമ്മൾ....
നമ്മുടെ ക്രൂരതകൾക്കിരയാണ്
ജനനിയാം പ്രകൃതി താനേ...
കടപുഴകിയാനദിയുടെ വായയിൽനിന്നും
തളിക്കുന്ന മാലിന്യമെത്തിയതീ മണ്ണിൽ
ഓർക്കുക, നാം പുഴയ്ക്ക ഉപഹാരക്കോട്ട
നിർമിച്ചപോലെ താൻ പുഴയും
മാലിന്യോപഹാരം നമുക്കായി നിർമിക്കും
അനശ്വരമായ നദികൾ നശ്വരമായ പോൽ
മനുഷ്യമനസും നിർവൃതിയിൽ പൂക്കണം
അമ്മ തൻ ഭക്ഷണക്കലത്തിലെ
കുഞ്ഞോമനകൾ തൻ നാം
കണ്ണീരായി മാറിയ ഈ പ്രപഞ്ചം....
കണ്ണീരിലലറിയ സസ്യമൃഗാദികൾ.....
അലറാതെ അലറിയ  മാനവികത.....
മിന്നാമിനുങ്ങിൽ വെട്ടം പോലെ ജാതി-
മത വ്യവസ്ഥകൾ പ്രളയക്കെട്ടുതിയിൽ നിൽക്കവെ
ഒരു സുഗന്ധ പുഷ്പത്തിൻ കുളിരുപോലെ,
നരകജീവികളായി മാറിയ നാം.
അന്ധകാരത്തിലേക്കുതിക്കവേ.....
ഒരു വെട്ടം പോലീ പ്രളയം

ഇനിയൊരു പ്രളയമുദിച്ചുവവെങ്കിൽ
അന്ന് നാം അസ്തമിക്കും.
മനുഷ്യജന്മമിനിയുമൊത്തൊരുമിക്കും
അതൊരു പ്രളയക്കാലത്തായിരിക്കും
കണ്ണുനീർ കനവായി മാറിയെൻ അമ്മ
ഗൃഹാങ്കണം ചളിച്ചാലുകൾ
കൊണ്ട് മുങ്ങിക്കുളിക്കവേ....
മാനവരൊത്തൊരുമിച്ച് കൈകോർക്കവേ
ജാതിമതഭേദമില്ലാതെ കൈകോർക്കവേ
നാളത്തെ രാശി പൊൻതളികയിലൂന്നവേ
'കേരളം' ശുചിത്വപരിപാലന കേന്ദ്രമാം
അമ്മ തൻ രണ്ടക്ഷരം കണ്ണുരാകവേ
ഇനിയും മാനവർ അമ്മയെ മരണ-
ക്കയത്തിലേക്ക്  തള്ളാതുയർത്തവേ....
കണ്ണീർപ്പാട് പോൽ അമ്മ വന്നുദിക്കും,
ദിക്കേതെന്നറിയാതെ
ഒരു കണ്ണുനീർ പോലെ....
ഒരു കണ്ണുനീർ പോലെ....

**അവന്തിക.എൽ ബാബു  8B**

# _പുഴ മലയാളികളോട്  പറഞ്ഞത്



മനുഷ്യാ നീ ചെയ്ത തെറ്റിന് നീ
അനുഭവിക്കുന്നു
നിന്നോട് ക്രൂരത ചെയ്ത ഞാൻ
മനസ്സാൽ ഖേദിക്കുന്നു
ആർത്തുലച്ച് പെയ്ത മഴ നമ്മെ
നിർബന്ധിതനാക്കി
നിന്നിലേക്ക് വന്ന്, സർവ്വ
വിനാശത്തിനു കാരണമായി
നീ നമ്മിലേക്ക് വലിച്ചെറിഞ്ഞവ നിന്നിലേക്ക് തന്നെ ഭവിച്ച-
പ്പോൾ നിന്നുടെ വാസസ്ഥലം നമ്മെക്കാൾ വൃത്തിഹീനമായി
നീ ഞങ്ങളോട് ചെയ്ത ക്രൂരതയുടെ  ഫലമല്ലിത്
നാം സംസ്കാരത്തിൻെ കളിത്തൊട്ടിലുകളാണ്.
പക്ഷെ ഒരു കാര്യത്തിൽ ഞാൻ സന്തോഷിതനാവുന്നു
ഒരു മേൽക്കൂര ചുവട്ടിൽ ദരിദ്രനും,പണക്കാരും ഒരുമിച്ച്
ഒരേ ഭക്ഷണം കഴിച്ചപ്പോൾ നീ ആലോചിച്ചോ ഈ ലോകത്ത്
മനുഷ്യരെല്ലാം ഒന്നാണ് എന്ന പാഠം.
കൈയ്യും മെയ്യും മറന്ന് ഒരു ജീവനുവേണ്ടി കഷ്ടപ്പെട്ടവരെ

നീ ഓർക്കുന്നൊ എങ്കിൽ അവർ പക്ഷഭേദം കാണിച്ചില്ല
സ്വന്തം ബന്ധത്തെയും സ്നേഹത്തെയും മറന്ന് അവർ
അധ്വാനിച്ചെങ്കിൽ ഒരു നല്ല മനസ്സിന് ഉടമയാണവർ
അതിനുമുമ്പ് നിങ്ങൾ അവരെ പരിഹസിച്ചത് ഒരു മുഖഭാവത്തിൽ
പോലും കാണിക്കാതെ നിങ്ങൾക്കുവേണ്ടി ധൈര്യം മനസ്സിൽ
ഉറപ്പിച്ച് നൗകയിൽ അവർ പരിശ്രമിച്ചു ഉറക്കമില്ലാതെ
നിങ്ങൾക്കുവേണ്ടി നിങ്ങൾക്കുമാത്രം വേണ്ടി
ഇനിയെങ്കിലും നീ ഉറപ്പിച്ചുകൊള്ളൂ മാനവരെല്ലാം ഒന്നാണ്
കുചേലനെന്നൊ കുബേരനെന്നൊ മാനുഷിക ജീവിതത്തിൽ
ഇല്ലിപ്പോൾ, നീ ഓർത്തോളൂ.....

**അവന്തിക.എൽ ബാബു 8B**

# <u>മലയാളത്തിളക്കം</u>



# എടക്കൽ ഗുഹയും അമ്പുകുത്തിമലയും

അമ്പല വയലിനടുത്ത് അമ്പുകുത്തി മലയിലാണ് ലോകപ്രശസ്തമായ എടക്കൽ ഗുഹ സ്ഥിതി ചെയ്യുന്നത്.പ്രാചീനകാലം മുതൽ തന്നെ വയനാട്ടിൽ സമ്പന്നമായ ഒരു സാംസ്കാരം നിലനിന്നിരുന്നു എന്ന് എടക്കൽ ഗുഹയിലെ ശിലാലിഖിതങ്ങൾ സൂചിപ്പിക്കുന്നു.ഭൂപ്രകൃതി രൂപപ്പെടുന്ന പ്രാരംഭ ദിശയിലെന്നോ രണ്ടായിപിളർന്ന ഭീമമായ ഒരു പാറയുടെ  വിള്ളലിലേക്ക് അടർന്നു വീണ് മേൽത്തട്ടായി തടഞ്ഞുനിൽക്കുന്ന മറ്റൊരു പാറയുടെ കീഴിലാണ് വിസ്തൃതമായ ഗുഹ രൂപപ്പെട്ടത്. അതുകൊണ്ടാണ് ഇടക്കൽ അല്ലെങ്ങിൽ എടക്കൽ എന്ന പേരുണ്ടായത്.ഇടക്കൽ ഗുഹയിൽ കല്ലിൽ കോറിയിട്ട ലിഖിതങ്ങൾ ഇതിനകം പല ഗവേഷകരും വായിച്ചിട്ടുണ്ടെങ്കിലും അതിന്റെ കൃത്യമായകാലം ഇനിയും ഗണനം ചെയ്യപ്പെട്ടിട്ടില്ല. എങ്കിലും എടക്കൽ ലിപികളുടെ കാലം എണ്ണായിരത്തിനും പതിനായിരത്തിനും ഇടയിലാണെന്ന് ഗവേഷകർ സാക്ഷ്യപ്പെടുത്തുന്നു ഗുഹാമുഖത്തുകൂടി അമ്പുകുത്തി മലയുടെ ഉയരത്തിലേക്കുള്ള  സാഹസികമായ കയറ്റം അവിസ്മരണീയമായിരിക്കും.അമ്പുക്കുത്തിമലയുടെ മുകളിൽനിന്ന് നോക്കിയാൽ വയനാടിന്റെ  ഹരിതഭ്രവിതാനങ്ങൾ കാൽക്കീഴിലായതായി തോന്നും. അങ്ങു ദൂരെ, കാരാപ്പുഴ ഡാമിന്റെ ജലപ്പരപ്പും ദൃശ്യമാകും. മഴക്കാലമായാൽ പാറയിൽ കാൽവഴുതാൻ സാധ്യതയുണ്ട്. സെപ്റ്റംബർ മുതൽ മെയ് വരെയാണ് പാറ

## കയറ്റത്തിന് അനുയോജ്യം

## പൂർവവിദ്യാർഥികൾ..






IRINGANNUR HIGHER SECONDARY SCHOOL
കൂടൊരുക്കം
2018 ഒക്ടോബർ 2
KL.18.U .9921

# നന്ദി

ഈ മാഗസിൻ പ്രസിദ്ധീകരിക്കാൻ സഹായിച്ച എല്ലാ അധ്യാപകർക്കും കൂട്ടുകാർക്കും നന്ദി അറിയിക്കുന്നു

സ്നേഹത്തോടെ.

ലിറ്റിൽ കൈറ്റ്സ്...



മാഗസിൻ എഡിറ്റർ വൈഷ്ണവി.പി 9D

